"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം പതാരം എൻ.എസ്.എൻ.എസ്.പി. മെമ്മോറിയൽ യു.പി.എസ്.ലെ യു.പി.എസ്.ടി. ആയ ശ്രീമതി.സേതുലക്ഷ്മി യു. ഫയൽ ചെയ്ത WP(C)No.15843/2021-ന്മേലും, സ്കൂൾ മാനേജർ ശ്രീ. ജി.നന്ദകുമാർ ഫയൽ ചെയ്ത WP(C)No.19301/2021-ന്മേലും ബഹു.ഹൈക്കോടതി 08.11.2023 തീയതിയിൽ പുറപ്പെടുവിച്ച പൊതുവിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4110/2024/GEDN തീയതി,തിരുവനന്തപുരം, 29-06-2024**

---

പരാമർശം:-

1. WP(C)No. 15843/2021-ന്മേലും, WP(C)No. 19301/2021-ന്മേലും ബഹു.ഹൈക്കോടതി 08.11.2023 തീയതിയിൽ പുറപ്പെടുവിച്ച പൊതുവിധിന്യായം.
2. ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/01/2024-ലെ സി1/1536/2021 നമ്പർ കത്ത്.
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/01/2024-ലെ B1/3227/23 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.01.2024-ലെ ആർ.എ.4/1712/2024 നമ്പർ കത്ത്.
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ തീയതി രേഖപ്പെടുത്താത്ത DDEKLM/12075/2021-B2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം പതാരം എൻ.എസ്.എൻ.എസ്.പി. മെമ്മോറിയൽ യു.പി.എസ്.ലെ യു.പി.എസ്.ടി. ശ്രീമതി.സേതുലക്ഷ്മി യു. ഫയൽ ചെയ്ത WP(C)No.15843/2021-ന്മേലും ടി സ്കൂൾ മാനേജർ ശ്രീ. ജി.നന്ദകുമാർ ഫയൽ ചെയ്ത WP(C)No.19301/2021-ന്മേലും ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 08.11.2023 തീയതി പൊതുവിധിന്യായത്തിൽ, EXT-P7 (G.O.(Rt)No.2879/2021/GEDN dated 31.05.2021) set aside ചെയ്യുകയും, ഹർജിയിലെ വിഷയം EXT P6 (Judgement dated 22.06.2020 in WP(C)No.12235/2020)-ന്റെ

അടിസ്ഥാനത്തിൽ പുന:പരിശോധിക്കുന്നതിനും, ഹർജിക്കാരിയെ കേൾക്കുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 24.01.2024 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2. യു.പി.എസ്.ടി. ശ്രീമതി. സേതുലക്ഷ്മി യു. ഇപ്രകാരം അപേക്ഷിച്ചിരിക്കുന്നു :**

സേതുലക്ഷ്മി എന്ന ഞാൻ പതാരം എൻ.എസ്.എൻ.എസ്.പി.എം. യു.പി.എസ്.ലെ അദ്ധ്യാപികയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത വിധിന്യായം പുറപ്പെടുവിക്കപ്പെട്ട WP(C)19301/2021 എന്ന റിട്ടിലെ ഹർജിക്കാരിയും ആണ്. 2018-19-ൽ പ്രവർത്തിച്ച ഉടങ്ങിയ 18-ാം ക്ലാസ് ഡിവിഷനിലേക്ക് മാനേജർ എന്നെ 01.06.2018-ൽ നിയമിച്ചു. 2017-18 മുതൽ 1 8 ക്ലാസ് ഡിവിഷനും 2 2 ഡിവിഷൻ ആവശ്യമായ കുട്ടികളും സൗകര്യങ്ങളും ഉണ്ടായിരുന്നു എന്ന് ഉറപ്പുവരുത്തിയാണ് 01.06.2018 മുതൽ നിയമനം നേടിയത്. എന്നാൽ എനിക്ക് നിയമന അംഗീകാരം ലഭിച്ചില്ല. ഉടർ ന്ന് 2019-20 അധ്യയനവർഷത്തിൽ എൻ.എസ്.എൻ.എസ്.പി.എം. യു.പി. സ്കൂളിൽ ഉണ്ടായ റിട്ടയർമെന്റ് വേക്കൻസിയിലേക്ക് 01-06-2019 മുതൽ മാനേജർ എന്നെ മാറ്റി നിയമിച്ചു. എന്നാൽ 2021 ജൂലൈ 15 മുതൽ മാത്രമാണ് എന്റെ നിയമനം അംഗീകരിക്കപ്പെട്ടത്. എന്റെ സർവീസ് കാലയളവിൽ തന്നെ മൂന്ന് സംരക്ഷിത അധ്യാപകരെ മാനേജർ നിയമിക്കുകയും ചെയ്തിരുന്നു. ഫയൽ ചെയ്യപ്പെട്ട റിട്ട് ഹർജികളും, വാദങ്ങളും (WP(C)19301/2021,WP(C)15843/2021,WP(C)12235/2020) വിശദമായി പരിഗണിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Exhibit P7 [GO(Rt)No.2879/2021/GEDN dated31/05/2021] പുറപ്പെടുവിക്കാൻ ഉണ്ടായ സാഹചര്യം ശരിയായ വസ്തുതകൾ വിലയിരുത്താതെ ആയിരുന്നു എന്ന നിഗമനത്തിൽ എത്തുകയും 08/11/2023 വിധിന്യായത്തിൽ Exhibit P7 സർക്കാർ ഉത്തരവ് റെദ്ദ് ചെയ്യുകയും ചെയ്തു. മേൽ സാഹചര്യത്തിൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ പാലിച്ച് എന്റെ നിയമനം പ്രഥമ നിയമനത്തീയതി ആയ 01.06.2018 മുതൽ അനുവദിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

**3. മാനേജർ ഇപ്രകാരം അപേക്ഷിച്ചിരിക്കുന്നു :**

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 8/11/2023-ലെ WP(C) 15843/2021, WP(C) 19301/2021 എന്നീ റിട്ട് പെറ്റീഷനുകളിൽ സർക്കാർ പുറപ്പെടുവിച്ചതും Exhibit P7 ആയി റിട്ട് ഹർജികളിൽ തർക്കവിഷയമായതും ആയ Exhibit P7 സർക്കാർ ഉത്തരവ് [GO(Rt)No.2879/2021/GEDN dated 31/05/2021] ബഹു. ഹൈക്കോടതിയിൽ ചലഞ്ച് ചെയ്യപ്പെടുകയും ബഹു.ഹൈക്കോടതി Exhibit P7 റദ്ദാക്കുകയും ഉണ്ടായി. മാത്രവുമല്ല, Exhibit P7-ലെ മൂന്നാം പേജിൽ (പേജ് 3) ഹർജി കക്ഷിയായ മാനേജർ KER അദ്ധ്യായം XXI ചട്ടം 7(2) പ്രകാരം സംരക്ഷിത അധ്യാപകരെ വിന്യസിച്ചിട്ടില്ല എന്ന വാദം വസ്തുതകൾക്ക് വിരുദ്ധമായതിനാൽ സർക്കാർ മുമ്പാകെ വാദം ഉന്നയിക്കാനും ഹിയറിങ് വേളയിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഹർജി കക്ഷികളുടെ വാദം ശരിയാണെന്ന് ഉദ്ധരിക്കാനും 8/11/2023-ലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. അതുപോലെതന്നെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ് സന്ദർശിച്ച് ഹർജി കക്ഷിയായ മാനേജർ ഹാജരാക്കിയിരിക്കുന്ന രേഖകൾ പ്രകാരം 1 9 ക്ലാസുകൾ നടത്തുന്നതിനുള്ള മുറികൾ സ്കൂളിൽ ഉണ്ടോ എന്ന് പരിശോധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 17/08/2023-ന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ് സന്ദർ ശിക്കുകയും Exhibit P 22-ൽ ഹർജിക്കാരൻ പറഞ്ഞിരിക്കുന്നത് പോലെ 19 ക്ലാസ് മുറികൾ സ്കൂളിൽ ഉണ്ടെന്നും ഈ മുറികൾ എല്ലാം ക്ലാസുകൾ നടത്തുന്നതിന് പര്യാപ്തമാണെന്നും എച്ച്.എം. / ഓഫീസ് മുറി, സ്റ്റാഫ് റൂം, ലൈബ്രറി എന്നിവ ഈ 19 ക്ലാസ് റൂമുകളിൽ ഉൾപ്പെടുന്നില്ല എന്നും റിപ്പോർട്ട് നൽകുകയുണ്ടായി (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലാ ഓഫീസർ സമർപ്പിച്ച 29.12.2023-ലെ റിപ്പോർട്ട്). റിപ്പോർട്ട് പരിശോധിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇത് സംബന്ധിച്ച് വിശദമായി 8/11/2023-ലെ വിധിന്യായത്തിൽ മൂന്നാം ഖണ്ഡികയിൽ (Para 3) രേഖപ്പെടുത്തുകയുണ്ടായി.

കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈ റിപ്പോർട്ടോടുകൂടി തർക്കത്തിന്റെ വസ്തുതകൾ

വ്യക്തമായി എന്ന് അഭിപ്രായപ്പെട്ടുകയും അതിനെ തുടർന്ന് ചലഞ്ച് ചെയ്യപ്പെട്ട Exhibit P7 സർക്കാർ ഉത്തരവ് റദ്ദാക്കുകയും ഉണ്ടായി. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് സംബന്ധിച്ച് സർക്കാർ വക്കീലിന്റെ അഭിപ്രായങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഖണ്ഡിക 4-ൽ ( Para 4) പരാമർശിക്കുന്നു.

The Government Pleader submitted that many of the details that are produced before this Court were not available at the time of issuance of Ext.P7. The report now called for by the Court was also not available for consideration.

വിധിന്യായത്തിന്റെ ഖണ്ഡിക 4-ൽ സർക്കാർ അഭിഭാഷകൻ Exhibit P7 പുറപ്പെടുവിച്ചപ്പോൾ ഇപ്പോൾ ലഭ്യമായിരിക്കുന്ന പല വിശദാംശങ്ങളും അറിയില്ലായിരുന്നു എന്നും ഇപ്പോൾ കോടതി ആവശ്യപ്പെട്ട് ലഭ്യമാക്കിയ 25/08/2023-ലെ റിപ്പോർട്ട് പരിഗണനയ്ക്കായി നേരത്തെ ലഭ്യമായിരുന്നില്ല എന്നും അഭിപ്രായപ്പെട്ടു. അതിനുശേഷമാണ് Exhibit P7 എന്ന ചലഞ്ച് ചെയ്യപ്പെട്ട G.O. (Rt) No.2879/2021/GEDN dated 31/05/2021 റദ്ദാക്കി ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചത്.

ഹർജിക്കാരോട് ആവശ്യമായ അഡീഷണൽ പ്ലീഡിംഗ് നടത്താനും ആവശ്യമായ രേഖകൾ ഹിയറിങ് വേളയിൽ സർക്കാർ മുമ്പാകെ സമർപ്പിക്കാനും റിട്ട് ഹർജിയിൽ ആവശ്യപ്പെട്ട 1 8 ഡിവിഷനുകൾക്ക് ആവശ്യമായ 1 8 ക്ലാസ് മുറികൾ ലഭ്യമായിരുന്നു എന്ന് ബോധിപ്പിക്കാനും ബഹുമാനപ്പെട്ട കോടതി ഉത്തരവായി. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വസ്തുതകൾ സർക്കാർ മുമ്പാകെ സമർപ്പിക്കുന്നു.

2016-17 അധ്യയന വർഷത്തിൽ Exhibit P2 പ്രകാരം ഹർജി കക്ഷിയായ മാനേജർ ആവശ്യപ്പെട്ടതും അന്ന് നിലവിൽ ഉണ്ടായിരുന്നതും ആയ 1 7 ക്ലാസ് ഡിവിഷനുകൾ അനുവദിച്ചുകൊണ്ടാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത വർഷം 1 7 ക്ലാസ്സ് ഡിവിഷനുകൾ മാത്രമേ മാനേജർ ആവശ്യപ്പെട്ടിരുന്നുള്ളൂ. അത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി സെക്രട്ടറിയുടെ സ്പോട്ട് വേരിഫിക്കേഷനിൽ ബോധ്യപ്പെട്ടുകയും, അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ തന്നെ സ്കൂളിൽ 18 ഡിവിഷനുകൾ പ്രവർത്തിക്കാൻ മതിയായ സാകര്യം ഉണ്ടെന്നും എച്ച് എം/

ഓഫീസ് റൂം, സ്റ്റാഫ് റൂം, ലൈബ്രറി റൂം, ക്രാഫ്റ്റ് & അപ്ലൈൻസസ് റൂം എന്നിവ മറ്റൊരു ഇരുനില കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും 2017-18 അദ്ധ്യയനവർ ഷത്തിൽ 18 ഡിവിഷനുകൾ പ്രവർത്തിക്കാനുള്ള ക്ലാസ് മുറികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഉണ്ടായിരുന്നു എന്നും ബോധ്യപ്പെട്ടിരുന്നു. എന്നാൽ ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ വ്യക്തമായി ഉണ്ടായിരുന്നിട്ടും, ഹെഡ്മാസ്റ്റർ (ഓഫീസ്) റൂം, സ്റ്റാഫ് റൂം, ലൈബ്രറി റൂം, ക്രാഫ്റ്റ് & അപ്ലൈൻസസ് റൂം എന്നിവ പ്രവർത്തിച്ചിരുന്ന രണ്ടുനില കെട്ടിടം പരിഗണിക്കാതിരിക്കുകയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കും തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും അതിനുശേഷം സർക്കാരിനും അപ്പീലുകളും റിവിഷനുകളും നൽകുകയും അതിൻ പ്രകാരം പുറപ്പെടുവിച്ച Exhibit P7 [GO(Rt)No.2879/2021] വസ്തുതകൾക്ക് വിരുദ്ധമായിരുന്നതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)NO.15843/2021 ഫയൽ ചെയ്യുകയും Exhibit P7 [GO(Rt)No.2879/2021 dated 31/05/2021] ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കുകയും ചെയ്തു.

പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്.ൽ ക്ലാസ് നടത്തുന്നതിന് 19 ക്ലാസ് മുറികളും അതുകൂടാതെ ഹെഡ്മാസ്റ്റർ (ഓഫീസ്) റൂം, സ്റ്റാഫ് റൂം, ലൈബ്രറി റൂം, ക്രാഫ്റ്റ് & അപ്ലൈൻസസ് റൂം എന്നിവയ്ക്കും മറ്റൊരു ഇരുനില കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനുള്ള സൌകര്യം ഫിറ്റ്നസ് സർട്ടിഫിക്കറ്റിലും ഉള്ളതായും ബഹു.ഹൈക്കോടതിക്ക് ബോധ്യപ്പെടുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഭൗതിക സാഹചര്യം വിലയിരുത്താൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഉത്തരവ് നൽകുകയും തുടർന്ന് സമർപ്പിക്കപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്.ൽ ക്ലാസ് നടത്താൻ പര്യാപ്തമായ 19 ക്ലാസ് മുറികൾ ഉണ്ടെന്നും അതുകൂടാതെ ഹെഡ്മാസ്റ്ററുടെ ഓഫീസ് റൂം, സ്റ്റാഫ് റൂം, ലൈബ്രറി ക്രാഫ്റ്റ് & അപ്ലൈൻസസ് റൂമുകളും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള അഞ്ചാമത്തെ ഇരുനില കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. യഥാർത്ഥത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ അഞ്ചാമത്തേതായി രേഖപ്പെടുത്തിയിരിക്കുന്ന ഇരുനില കെട്ടിടം 940 sq.ft. ഉള്ളതാണ്. ഒരു പൂർണ്ണ അപ്പർ പ്രൈമറി സ്കൂളിൽ എക്സ്ട്രാ സ്പേസ് ആയി വേണ്ടത് 40ftX20ft = 800 sq.ft ആണ്. ഈ 40ftX20ft = 800 sq.ft-ൽ 4 മുറികൾ ആണ് വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ No. H2-

12666/84 dt 25/07/84 - Exhibit P21 ആയി WP(C)No.15843/2021-ൽ ഹാജരാക്കിയ സർക്കുലറിൽ നിഷ്കർഷിക്കുന്നത്. KER അധ്യായം IV ചട്ടം 5 പ്രകാരം വേണ്ട എക്സ്ട്രാ സ്പേസ് 40ftX20ft = 800 ചതുരശ്ര അടിയാണ്. 40ftX20ft = 800 ഉള്ള എക്സ്ട്രാ സ്പേസിൽ ഹെഡ്മാസ്റ്ററുടെ ഓഫീസ് റൂം, സ്റ്റാഫ് റൂം, സ്കൂൾ ലൈബ്രറി, ക്രാഫ്റ്റ് & അപ്ളയൻസസ് റൂം എന്നിവയാണ് പ്രവർത്തിപ്പിക്കേണ്ടത്. അതായത് 800 സ്ക്വയർ ഫീറ്റ് എക്സ്ട്രാ സ്പെയ്സ് നാലായി തിരിച്ച് ഹെഡ്മാസ്റ്ററുടെ ഓഫീസ് റൂം, സ്റ്റാഫ് റൂം, സ്കൂൾ ലൈബ്രറി, ക്രാഫ്റ്റ് & അപ്ളയൻസസ് റൂം എന്നിവ പ്രവർത്തിപ്പിക്കേണ്ടത്.

പതാരം എൻ.എസ്.എൻ.എസ്.പി.എം.യുപി. സ്കൂളിൽ എക്സ്ട്രാ സ്പേയ്സ് ആയി അഞ്ചാമത് രേഖപ്പെടുത്തിയിരിക്കുന്ന ഇരുനില കെട്ടിടത്തിൽ 940 സ്ക്വയർ ഫീറ്റ് ആണ് ലഭ്യമായിരിക്കുന്നത്. അതായത്, ആവശ്യമുള്ള 800 സ്ക്വയർ ഫീറ്റിനേക്കാൾ 130 സ്ക്വയർ ഫീറ്റ് അധികമുണ്ട്. എക്സ്ട്രാ സ്പേസിന്റെ കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ Exhibit P21 സർക്കുലറിൽ എക്സ്ട്രാ സ്പേസിന് ആയി നൽകുന്ന കെട്ടിടത്തിന്റെ ഉയരം സംബന്ധിച്ച് പരാമർശം ഏതുമില്ല. കാരണം ഒരു ക്ലാസിൽ 50 കുട്ടികളെ ഇരുത്തുന്നതിന് ഉതകുമാറാണ് KER-ൽ ക്ലാസ്സ് റൂം രൂപകൽപ്പന ചെയ്തിട്ടുള്ളത്. അതായത്, ഒരു കുട്ടിക്ക് 8 ക്യൂബിക് അടി എയർ സ്പേസും 8 സ്ക്വയർ ഫീറ്റ് സ്ഥലവും ആണ് KER അധ്യായം IV ചട്ടം 6-ൽ നിഷ്കർഷിച്ചിരിക്കുന്നത്. അതിനാലാണ് ഹെഡ്മാസ്റ്റർ (ഓഫീസ്) മുറിയുടെ കാര്യത്തിലും സ്റ്റാഫ് റൂമിന്റെ കാര്യത്തിലും ലൈബ്രറിയുടെ കാര്യത്തിലും ക്രാഫ്റ്റ് & അപ്ലൈൻസ് റൂമിന്റെ കാര്യത്തിലും എയർസ്പേസും, സ്ക്വയർ ഫീറ്റും (വിസ്തീർണ്ണം) നേരത്തെ പരാമർശിച്ച ഡയറക്ടറുടെ സർക്കുലറിലും (Cir. No. H2- 12666/84 dt 25/07/84) ഉയരം നിഷ്കർഷിക്കാതിരുന്നത്.

സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ച് അപ്പീലുകൾ, റിവിഷൻ എന്നിവ ബന്ധപ്പെട്ട അധികാരികളുടെ മുമ്പിൽ സമർപ്പിച്ചപ്പോൾ ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വസ്തുതകൾക്ക് വിരുദ്ധമായ റിപ്പോർട്ട് സമർപ്പിച്ചതും സർക്കാരിൽ നിന്ന് ഭൗതിക പരിശോധന നടത്തിയ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി സെക്രട്ടറിയുടെ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്തതും കാരണമാണ് Exhibit P7 [GO(Rt)No.2879/2021/GEDN dated 31/05/2021] എന്ന തെറ്റായ ഉത്തരവ് സർക്കാർ പിന്നീട് പുറപ്പെടുവിക്കാൻ കാരണമായതും അത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചലഞ്ച് ചെയ്യപ്പെടുകയും 8.11.23-ലെ പരാമർശിക്കപ്പെട്ട

ഹൈക്കോടതി വിധിപ്രകാരം റദ്ദാക്കപ്പെട്ടുകയും ചെയ്തത്.

2009-ലെ ആർ.ടി.ഇ. ആക്ട് (Right of Children To Free and Compulsory Education Act) നിലവിൽ വന്നതിന് ശേഷം GO(P)No.100/2011/G.Ed. dt. 30.04.2011 - Kerala RTE Rules നിലവിൽ വന്നിരുന്നു. RTE Act 2009 പ്രകാരം 1 മുതൽ 5 വരെ ക്ലാസ്സുകളിൽ 30 കുട്ടികളെ മാത്രമേ ഇരുത്താൻ പറ്റൂ. 6 മുതൽ 8 വരെ ക്ലാസ്സുകളിൽ 35 കുട്ടികളെ മാത്രമേ ഒരു ഡിവിഷനിൽ ഇരുത്താൻ പറ്റൂ. 9 മുതൽ 10 വരെയുള്ള ഹൈസ്കൂൾ ക്ലാസ്സ് ഡിവിഷനുകളിൽ ആദ്യത്തെ ഡിവിഷൻ 50 കുട്ടികൾക്ക് ഒരു ഡിവിഷനും അതിന് മുകളിൽ 4 5 കുട്ടികൾ വരെ അടുത്ത് ഡിവിഷനും എന്ന രീതിയിലാണ് ഡിവിഷനുകളുടെ വിന്യാസം. KER അദ്ധ്യായം V I ചട്ടം 23 A ആണ് ഇക്കാര്യത്തിൽ ബാധകം.

എന്റെ മാനേജ്മെന്റിന്റെ കീഴിലുള്ള എൻ.എസ്.എൻ.എസ്.പി.എം. യു.പി.എസ്.ൽ 19 ക്ലാസ്സ് മുറികളും 5 0 കുട്ടികളെ ഇരുത്താൻ ഉതകും വിധമാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിന് പ്രത്യേകം സംവിധാനം അദ്ധ്യയനയോഗ്യമായ 1 9 ക്ലാസ്സ് മുറികൾക്കും ഹെഡ്മാസ്റ്ററുടെ ഓഫീസ് റൂം, സ്റ്റാഫ് റൂം, സ്കൂൾ ലൈബ്രറി, ക്രാഫ്റ്റ് & അപ്പെയൻസസ് റൂം എന്നിവയ്ക്കും പുറമേ പ്രത്യേകമായി സംവിധാനം ചെയ്തു നൽകിയിട്ടുണ്ട്. Noon Feeding-ന് വേണ്ട അടുക്കള, സ്റ്റോർ മുതലായവ പ്രത്യേകമായി നിർമ്മിച്ചിട്ടുണ്ട്. മുൻപുണ്ടായിരുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇക്കാര്യങ്ങളൊക്കെ മറച്ച് വച്ചാണ് മേലധികാരികൾക്ക് റിപ്പോർട്ട് നൽകിയിരുന്നത് എന്നതാണ് വസ്തുത.

യഥാർ ത്ഥത്തിൽ Exhibit P2 സർക്കാർ ഉത്തരവ് [GO(Rt)No.741/2018/GEDN dated 19/02/2018] പ്രകാരം 2016-2017 അധ്യയന വർഷം സ്കൂളിൽ പ്രവർത്തിച്ചിരുന്ന 17 ഡിവിഷനുകൾ അനുവദിച്ച തന്നപ്പോൾ തന്നെ ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 2017-2018-ലെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പുതുക്കുകയും പതിനെട്ടാമത്തെ ക്ലാസ് ഡിവിഷൻ അനുവദിച്ച നൽകുകയും ചെയ്യണമായിരുന്നു. എന്നാൽ ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ Exhibit P2 സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ വൈമുഖ്യം കാട്ടുകയും പിന്നീട് ഉന്നതാധികാരികളുമായി മാനേജർ ബന്ധപ്പെട്ടതിനും ശേഷമാണ് പതിനേഴാമത്തെ

ഡിവിഷൻ അനുവദിക്കുകയും ചെയ്തത്. യഥാർ ത്ഥത്തിൽ 1 9 ക്ലാസ് ഡിവിഷനുകൾ നടത്താൻ സൌകര്യം ഉണ്ടായിരുന്നപ്പോഴാണ് പതിനെട്ടാമത്തെ ക്ലാസ് ഡിവിഷൻ അനുവദിക്കാതിരുന്നതും അത് റിട്ട് ഹർജികൾക്ക് കാരണമാകുന്നതും Exhibit P7 റദ്ദ് ചെയ്യപ്പെട്ടതും.

പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ് മാനേജർ KER അധ്യായം XXI ചട്ടം 7(2) പാലിച്ചിട്ടില്ല എന്ന് തെറ്റായി Exhibit P7 ഉത്തരവിൽ രേഖപ്പെടുത്തിയത് സംബന്ധിച്ച് അത് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ മാനേജർ രേഖാമൂലം അറിയിക്കുകയും പ്രസ്തുത കാര്യം അതേ രേഖകൾ ഉദ്ധരിച്ച് സർക്കാർ മുമ്പാകെ ഹിയറിങ് വേളയിൽ ഹാജരാക്കാനും 8.11.2023-ലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പതാരം എൻ.എസ്.എൻ.എസ്.പി.എം. യു.പി.എസ്.ൽ HT(Head Teacher) വേക്കൻസിക്ക് പകരമായി അനുവദിച്ച UPST തസ്തികയിലും [KER അധ്യായം XXI ചട്ടം 7(1) ഒരു അധിക തസ്തികയിലും [KER അധ്യായം XXI ചട്ടം 7(2)], 22 May 1979-ന് ശേഷം ആരംഭിച്ച സ്കൂൾ (New School) എന്ന നിലയിൽ മറ്റൊരു തസ്തികയിലും [KER അധ്യായം XXI ചട്ടം 7(3)] പ്രകാരം സംരക്ഷിത അധ്യാപകരെ വിന്യസിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നമ്പർ ബി1/5911/2020 തീയതി 01.07.2020 പുറപ്പെടുവിച്ചിരുന്നു. 18-ാമത്തെ ക്ലാസ്സ് ഡിവിഷനും 17-ാമത്തെ യു.പി.എസ്.റ്റി. തസ്തികയും 2017-18-ൽ അനുവദിക്കാതിരുന്നത് കൊണ്ട് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഒരു സംരക്ഷിത യു.പി.എസ്. അദ്ധ്യാപകനെ തിരികെ വിളിക്കുകയുണ്ടായി (ഉത്തരവ് നമ്പർ ബി1-1004/2020 ഡി.ഡി. (ഇ) തീയതി : 29.01.2021).

യഥാർ ത്ഥത്തിൽ K E R അധ്യായം X X I ചട്ടം 7 (2)-ലെ പ്രൊവിഷനും GO(P)No.10/10/GEDN തീയതി 12.01.2010 എന്ന സർക്കാർ ഉത്തരവിലെ clause (vi) ആയി രേഖപ്പെടുത്തിയിരിക്കുന്നതും ഒന്ന് തന്നെയാണ്. അതായത്, അധികതസ്തികൾ ഉണ്ടാകുമ്പോൾ 1 : 1 എന്ന അനുപാതത്തിൽ മാനേജർ നിയമനം നടത്തണം. അതായത്, ആദ്യത്തെ അധികതസ്തികയിൽ ഒരു സംരക്ഷിത അധ്യാപകനും രണ്ടാമത്തെ അധികതസ്തികയിൽ മാനേജർ നേരിട്ടുള്ള നിയമനവും നടത്താനാണ് വ്യവസ്ഥ ചെയ്തിരുന്നത്. 12.01.2010-ൽ സർക്കാർ പുറപ്പെടുവിച്ച GO(P)No.10/10/GEDN-ലെ clause (v), clause (vi) എന്നിവ ബഹുമാനപ്പെട്ട

സുപ്രീംകോടതിയിൽ ഞാൻ ഫയൽ ചെയ്ത SLP(C)21623/2017 കേസിൽ 08.08.2017-ൽ സുപ്രീംകോടതി പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്.

2014-ലെ K E R ഭേദഗതി (Ammendment) GO(P)No.154/14/GEDN തീയതി 11.08.2014 എന്ന സർക്കാർ ഉത്തരവിലാണ് KER അധ്യായം XXI പുന:സ്ഥാപിച്ചത്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ പ്രസ്തുത ഉത്തരവ് ചോദ്യം ചെയ്യപ്പെടുകയും WP(C)No.19008/2015. WP(C)No. 33619/2015 and connected cases-ൽ 17.12.2015-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പ്രകാരം (ILR 2016(1) Ker 590 എന്ന Reported decision) KER അധ്യായം XXI-ലെ Sub Rule 7 ഒഴികെ മറ്റെല്ലാ ചട്ടങ്ങളും റദ്ദ് ചെയ്യപ്പെടുകയും WA No. 372/2016 & connected cases-ൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 30.08.2016-ലെ വിധിന്യായ പ്രകാരം സിംഗിൾ ബഞ്ച് ഉത്തരവ് ശരി വയ്ക്കുകയും തുടർന്ന് SLP(C)No.10337/2017 എന്ന കേസിലും അനുബന്ധ കേസുകളിലും, 19.06.2017-ലെ വിധിന്യായ പ്രകാരം ബഹു. സുപ്രീം കോടതി, സർക്കാർ ഫയൽ ചെയ്ത അപ്പീൽ നിരസിക്കുകയും ചെയ്തു.

30.08.2016-ലെ വിധിന്യായത്തിനുമേൽ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ച പ്രത്യേകാനുമതി ഹർജി SLP (C) No.10337/2017 കേസിലും മറ്റനുബന്ധ കേസിലും സർക്കാരിന്റെ പ്രത്യേകാനുമതി ഹർജി തള്ളിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി 19.04.2017-ൽ ഉത്തരവ് പുറപ്പെടുവിച്ചു.

KER Amendment (ഭേദഗതി), GO(P)No.199/2016 തീയതി 03.12.2016 വഴി സർക്കാർ കൊണ്ടുവന്നതും ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് മുമ്പാകെ പരിഗണനയിൽ ഇരിക്കുകയാണ്. പ്രസ്തുത KER Amendment കേസിൽ ഞാൻ ഫയൽ ചെയ്ത WA No.2440/2017- ൽ 19.12.2017-ലെ ഉത്തരവ് പ്രകാരം GO(P)No.199/2016 തീയതി 03.12.2016 എന്ന KER Amendment സ്റ്റേ ചെയ്യുകയുണ്ടായി. അതായത്, KER-ൽ 2014-ലെ അമെൻഡ്മെന്റിൽ പുതുതായി ചേർക്കപ്പെട്ട അദ്ധ്യായം XXI-ലെ ചട്ടം 7 ( 1 ) ഒഴികെ ബാക്കിയെല്ലാം ഇപ്പോഴും സ്റ്റേയിലാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, റിട്ട് അപ്പീൽ WA No.2440/2017-ൽ 19.12.2017-ൽ പുറപ്പെടുവിച്ച Interim Stay 2018 ജൂലൈ 27-ന് പുറപ്പെടുവിച്ച മറ്റൊരു താൽക്കാലിക ഉത്തരവ് വഴി ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ ദീർഘിപ്പിച്ചു. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുന്നു. 2016-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ ഭേദഗതി (KER Amendment) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തിരിക്കുമ്പോഴും പ്രസ്തുത സ്റ്റേ നിലനിൽക്കുമ്പോഴും സർക്കാർ GO(P)No.3/19/GEDN തീയതി 28.02.2019 പ്രകാരം 2016-ലെ കെ.ഇ.ആർ. ഭേദഗതി വീണ്ടും ഭേദഗതി ചെയ്യുകയും GO(P)No.3/19/GEDN തീയതി 28.02.2019 ഞാൻ കേരള ഹൈക്കോടതിയിൽ WP(C)No.25791/2019 ആയി ചലഞ്ച് ചെയ്യുകയും അതിപ്പോഴും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ പരിഗണനയിലും ആണ്.

വസ്തുതകൾ ഇങ്ങനെയിരിക്കുമ്പോൾ GO(P)No.10/10/GEDN തീയതി 12.01.2010 എന്ന സംരക്ഷിത അധ്യാപകരെ 1 : 1 എന്ന അനുപാതത്തിൽ നിയമിക്കണമെന്ന ഉത്തരവ് എന്റെ SLP(C)No.21623/2017 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ചലഞ്ച് ചെയ്യപ്പെട്ടിരുന്നത് സിവിൽ അപ്പീൽ CA No.3490/2016 എന്ന കേസിലേക്ക് ടാഗ് (Tag) ചെയ്യുകയും പ്രസ്തുത സിവിൽ അപ്പീൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പരിഗണനയ്ക്കായി വരികയും സിവിൽ അപ്പീലിൽ തീരുമാനം ഉണ്ടാകുന്നതുവരെ കേരള ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന 2016 KER Amendment, 2019 KER Amendment കേസുകളും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ട്രാൻസ്ഫർ പെറ്റീഷൻ TP(C) No. 2191/2018 എന്ന കേസിലെ 12.04.2019-ലെ ഉത്തരവ് പ്രകാരം ഹൈക്കോടതിയുടെ എല്ലാ നടപടികളും (Proceedings) സ്റ്റേ ചെയ്യുകയുണ്ടായി.

ഇതേ വിഷയത്തിൽ വൈക്കലശ്ശേരി യുപി സ്കൂൾ മാനേജർ ഫയൽ ചെയ്ത ട്രാൻസ്ഫർ പെറ്റീഷൻ TP(C) No. 2128/2019-ലും 02.09.2019-ലെ ഉത്തരവ് പ്രകാരം 2016 KER Amendment, 2019 KER Amendment എന്നിവ സംബന്ധിച്ച കേസുകളിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ (സിംഗിൾ ബെഞ്ചിലും ഡിവിഷൻ ബെഞ്ചിലും) നിലവിലിരിക്കുന്ന കേസുകളിൽ എല്ലാ നടപടികളും ബഹുമാനപ്പെട്ട സുപ്രീംകോടതി സിവിൽ അപ്പീൽ CA No. 3490/2016 എന്ന കേസ് തീരുമാനിക്കുന്നത്

വരെ സ്റ്റേ ചെയ്യുകയുണ്ടായി.

എയ്ഡഡ് സ്കൂൾ നിയമനങ്ങൾ എല്ലാം നിശ്ചലമായിരുന്ന സാഹചര്യത്തിൽ ക്ലാസുകൾ നടത്തിക്കൊണ്ടു പോകാൻ ആവശ്യമായ അധ്യാപകൻ അനിവാര്യമായതിനാലാണ് പതിനെട്ടാം ഡിവിഷനിൽ അനുവദനീയമായ UPST തസ്തികയിലേക്ക് ഒരു സംരക്ഷിത അധ്യാപകനെ നിർദ്ദേശിക്കാൻ കൊല്ലം വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടതും HT (Head Teacher) നിയമനത്തിലേക്കുള്ള ഒഴിവിലേക്കും 22.05.79-ന് ശേഷം ആരംഭിച്ച സ്കൂൾ (New School category) എന്ന നിലയിൽ ഒരു സംരക്ഷിത അധ്യാപകനെ നിയമിക്കേണ്ട ഒഴിവിലേക്കും ഒരു അധിക തസ്തികയിലേക്കും ഉൾപ്പെടെ മൂന്ന് സംരക്ഷിത അധ്യാപകരെ നിയോഗിക്കാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നൽകിയത്.

എന്നാൽ അധികതസ്തികയിൽ നിയമിക്കപ്പെട്ട സംരക്ഷിത അധ്യാപകനെ (Rule 7(2) of Ch. XXI KER) കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പിൻവലിച്ചു കെഇആർ അദ്ധ്യായം XXI ചട്ടം 7 (2) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 19.12.2017-ൽ (KER Amendment contained in GO(P)No.199/2016 dt 3.12.2016) സ്റ്റേ ചെയ്തിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയും കേരള ഹൈക്കോടതിയിലെ കെ.ഇ.ആർ അമെൻഡ്മെന്റ് 2016, 2019 എന്നിവ സംബന്ധിച്ച കേസുകളിലെ നടപടിക്രമങ്ങളും സ്റ്റേ ചെയ്തിരുന്നു. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുന്നു. ബഹുമാനപ്പെട്ട കോടതികളിൽ നിലനിൽക്കുന്ന കേസുകളിലെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് 2018-19 അധ്യയന വർഷം മുതൽ 18-ാമത്തെ ക്ലാസ് ഡിവിഷൻ പ്രവർത്തിപ്പിച്ച് തുടങ്ങിയതും ശ്രീമതി. സേതുലക്ഷ്മി യു. എന്ന ആളെ UPST ആയി 1.06.2018 മുതൽ നിയമിച്ചതും നിയമനാംഗീകാരം തേടിയതും. 18-ാമത്തെ ഡിവിഷനിൽ നിയമിക്കപ്പെട്ടിരുന്ന സേതുലക്ഷ്മി യു. എന്ന UPST-യെ 1.06.2020 മുതൽ ശ്രീമതി. സി.ലക്ഷ്മി അമ്മ എന്ന UPST 31.05.2020 AN-ൽ വിരമിച്ചത് മൂലമുണ്ടായ ഒഴിവിലേക്ക് മാറ്റി നിയമിക്കുകയും നിയമനാംഗീകാരത്തിന് അപേക്ഷിക്കുകയും ചെയ്തിരുന്നു. ശ്രീമതി. സേതുലക്ഷ്മി യു. എന്ന യുപിഎസ് അദ്ധ്യാപിക (UPST)യെ 01.06.2020 വിരമിക്കൽ മൂലം ഉണ്ടായ ഒഴിവിലേക്ക് മാറ്റി നിയമിച്ചിട്ടും ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നിഷേധിച്ചത് അങ്ങേയറ്റം നിയമവിരുദ്ധമാണ് എന്ന കാര്യം സർക്കാരിനെ സവിനയം ബോധിപ്പിക്കുന്നു.

ഇതിനെല്ലാം ഉപരി, സർക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും സംരക്ഷിത അധ്യാപകരെ എയ്ഡഡ് സ്കൂളുകളിൽ 1:1 അനുപാതത്തിൽ വിന്യസിക്കുന്നതു സംബന്ധിച്ച കേസുകളിൽ ഇടക്കാല സ്റ്റേ ഉത്തരവുകളും മറ്റ് വിശദവിവരങ്ങളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസാധുതകളെ പറ്റി ബോധ്യപ്പെട്ടുകയും GO(Rt)No.136/2021/GEDN തീയതി 31/03/2021 പുറപ്പെട്ടുവിക്കുകയുമുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം അധികതസ്തിക, "ടെമ്പററി" "പെർമെനന്റ്" എന്ന വേർതിരിവ് പ്രയോഗം തന്നെ കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും പ്രകാരം നിലനിൽക്കുന്നില്ല എന്നും എല്ലാ തസ്തികകളും റഗുലർ ആയതിനാൽ തന്നെ അധികതസ്തിക, "ടെമ്പററി" "പെർമനന്റ്" എന്നീ പരാമർശങ്ങൾ തസ്തികനിർണയ ഉത്തരവുകളിലെ പഴയ കീഴ്വഴക്കം തുടർന്ന് ഉണ്ടാകേണ്ടതില്ല എന്നും വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ഉണ്ടായി. GO(Rt)No.136/2021/GEDN തീയതി 30.03.2021 വന്നതിനുശേഷവും അധികതസ്തിക എന്ന പരാമർശത്തിൽ സംരക്ഷിത അധ്യാപകരെ വിന്യസിക്കണമെന്ന കാരണം പറഞ്ഞ് പുതുതായി ആരംഭിക്കുന്ന ഡിവിഷനുകളിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് അംഗീകാരം നൽകാതിരിക്കുന്നത് അത്യന്തം നിയമനിഷേധം ആണ്.

എന്റെ മാനേജ്മെന്റിന്റെ കീഴിലുള്ള പതാരം എൻ.എസ്.എൻ.എസ്.പി.എം. യുപിഎസ്.ൽ ഇപ്പോൾ (2023-2024) 5 മുതൽ 7 വരെ 22 ഡിവിഷനുകൾ ക്കുള്ള 682 കുട്ടികൾ അദ്ധ്യയനം നടത്തുന്നുണ്ട്.

2015-16 അധ്യയന വർഷം ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 16 ക്ലാസ്സ് ഡിവിഷൻ മാത്രമാണ് തസ്തികനിർണയ ഉത്തരവ് No.C.644(1)/2017 തീയതി 26.2.2018 പ്രകാരം പുതുക്കി നിശ്ചയിച്ച് തന്നത്. 2015-16 അധ്യയനവർഷം ഓരോ ക്ലാസിലും നിലനിന്നിരുന്ന കുട്ടികളുടെ എണ്ണവും അഞ്ചാം ക്ലാസിൽ 1:30 അനുപാത പ്രകാരവും ആറിലും എഴിലും 1:35 എന്ന അനുപാത പ്രകാരവും അനുവദിക്കേണ്ടിയിരുന്ന ഡിവിഷനുകളുടെ എണ്ണവും സ്റ്റാഫ് ഫിക്സേഷനിൽ അനുവദിച്ച നൽകിയ ഡിവിഷനുകളുടെ എണ്ണവും ചുവടെ പട്ടിക 1 ഒന്നിൽ ചേർക്കുന്നു.

പട്ടിക 1 (2015-2016)

| ഡിവിഷനുകൾ | Class | Class | Class | Total | Remarks |
|---|---|---|---|---|---|

| ഡിവിഷനുകൾ | Class V | Class VI | Class VII | Total | Remarks |
|---|---|---|---|---|---|
| Effective Roll Strength | 178 | 243 | 279 | 700 | അനുയോജ്യമായ 19 ക്ലാസ്സ് മുറികൾ ഉണ്ടായിരുന്നു. 17 ഡിവിഷനുകൾ മാത്രമേ അനുവദിച്ചുള്ളൂ |
| 26.02.2018-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എ.ഇ.ഒ. അനുവദിച്ച നൽകിയത് | 5 | 6 | 6 | 17 | |
| 1:30, 1:35 അനുപാത പ്രകാരം യഥാർത്ഥത്തിൽ അർഹതയുള്ള ഡിവിഷനുകൾ | 6 | 7 | 8 | 21 | |

ആകെ 2 1 ഡിവിഷനുകൾക്കുള്ള കുട്ടികൾ ഉണ്ടായിരുന്നെങ്കിലും അദ്ധ്യയന യോഗ്യതയുള്ള 19 ക്ലാസ് മുറികൾ ഉണ്ടായിരുന്നിട്ടും ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനാവശ്യമായ തർക്കങ്ങൾ ഉന്നയിച്ചതിനാൽ 1 7 ക്ലാസ് ഡിവിഷനുകൾ മാത്രമേ നടത്തിയിരുന്നുള്ളൂ. ഇത് സംബന്ധിച്ചാണ് സർക്കാർ ഡെപ്യൂട്ടി സെക്രട്ടറി സ്പോട്ട് വേരിഫിക്കേഷൻ നടത്തിയതും 1 8 ക്ലാസുകൾ നടത്താൻ അനുയോജ്യമായ സാകര്യമുണ്ടെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ അഞ്ചാം ഐറ്റം ആയി ചേർത്തിരിക്കുന്ന ഇരുനില കെട്ടിടത്തിൽ എക്സ്ട്രാ സ്പേസ് ആയി ഹെഡ് മാസ്റ്റർ റൂം, സ്റ്റാഫ് റൂം, ലൈബ്രറി, ക്രാഫ്റ്റ് & അപ്ലൈൻസ് റൂം എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. എന്നാൽ 2015-16 അധ്യയന വർഷത്തിൽ 17 ക്ലാസ്സുകൾ മാത്രമേ ക്രമീകരിച്ചിരുന്നുള്ളൂ. അതുകൊണ്ടാണ് 1 7 ക്ലാസ് ഡിവിഷനുകൾ അനുവദിക്കണമെന്ന് അപ്പലേറ്റ്

അതോറിറ്റിയുടെ മുൻപാകെ ആവശ്യപ്പെട്ടത്. 2016-17 അധ്യയന വർഷത്തിലും മുകളിൽ പ്രസ്താവിച്ച സ്ഥിതി തുടരുകയുണ്ടായി (2016-17-ലെ D.Dis/C/644(2)/2017 തീയതി 26.02.2018 തസ്തികനിർണയ ഉത്തരവ്). 2016-2017-ലെ പ്രസ്തുത തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം കുട്ടികളുടെ UID Roll Strength, അനുവദിച്ച ഡിവിഷനുകൾ, അനുവദിക്കപ്പെടേണ്ടിയിരുന്ന ഡിവിഷനുകൾ എന്നിവ വിശദമാക്കുന്ന പട്ടിക 2 താഴെ കൊടുക്കുന്നു.

പട്ടിക 2 (2016-2017)

| ഡിവിഷനുകൾ | Class V | Class VI | Class VII | Total | Remarks |
|---|---|---|---|---|---|
| Effective Roll Strength | 160 | 231 | 149 | 640 | അനുയോജ്യമായ 19 ക്ലാസ്സ് മുറികൾ ഉണ്ടായിരുന്നു. 17 ഡിവിഷനുകൾ മാത്രമേ അനുവദിച്ചുള്ളു |
| 26.02.2018-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എ.ഇ.ഒ. അനുവദിച്ചു നൽകിയത് | 5 | 6 | 6 | 17 | |
| 1:30, 1:35 അനുപാത പ്രകാരം യഥാർത്ഥത്തിൽ അർഹതയുള്ള ഡിവിഷനുകൾ | 6 | 7 | 8 | 21 | |

2016-17, 2017-18 അധ്യയന വർഷങ്ങളിലും മാനേജർ ആകെ 17 ഡിവിഷനുകൾ മാത്രമേ സ്കൂളിൽ പ്രവർത്തിപ്പിച്ചിരുന്നുള്ളൂ. എന്നാൽ 2018-19 അധ്യയനവർഷം മുതൽ സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസലുകൾ നൽകിയത് 18 ക്ലാസ് ഡിവിഷനുകൾ ക്രമീകരിച്ചു കൊണ്ടാണ്. അന്നും 19 ക്ലാസുകൾ പ്രവർത്തിപ്പിക്കുവാനുള്ള സൗകര്യം സ്കൂളിൽ ലഭ്യമായിരുന്നു എന്നിരുന്നാലും 18 ക്ലാസുകൾ മാത്രമാണ് മാനേജർ പ്രവർത്തിപ്പിക്കാൻ നിർദ്ദേശം നൽകിയതും പ്രവർത്തിപ്പിച്ചിരുന്നതും. അന്നും ഹെഡ്മാസ്റ്റർ റൂം, സ്റ്റാഫ് റൂം, സ്കൂൾ ലൈബ്രറി, ക്രാഫ്റ്റ് ആൻഡ് അപ്ലൈൻസ് റൂം എന്നിവ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളിൽ

അഞ്ചാമതായി രേഖപ്പെടുത്തിയിരിക്കുന്ന ഇരുനില കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിച്ചിരുന്നത്. 2018-19 അധ്യയന വർഷത്തെ തസ്തിക നിർണയ ഉത്തരവിൻ പ്രകാരം UID Roll Strength, അനുവദിക്കപ്പെട്ട ഡിവിഷനുകൾ, അർഹതപ്പെട്ട ഡിവിഷനുകളുടെ എണ്ണം എന്നിവ പട്ടിക 3-ൽ കൊടുക്കുന്നു.

പട്ടിക 3 (2018-2019)

| ഡിവിഷനുകൾ | Class V | Class VI | Class VII | Total | Remarks |
|---|---|---|---|---|---|
| Effective Roll Strength | 173 | 270 | 224 | 667 | അനുയോജ്യമായ 19 ക്ലാസ്സ് മുറികൾ ഉണ്ടായിരുന്നു.<br>17 ഡിവിഷനുകൾ മാത്രമേ അനുവദിച്ചുള്ളു. അനുയോജ്യമായ 19 ക്ലാസ്സ് മുറികൾ ഉണ്ടായിരുന്നു. 19 ആയി നിജപ്പെട്ടു ത്തേണ്ടിയിരുന്നു. 18 ഡിവിഷനുകൾ മാത്രമേ പ്രവർത്തി ച്ചിരുന്നുള്ളു. |
| 03.07.2019-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എ.ഇ.ഒ. അനുവദിച്ചു നൽകിയത് | 5 | 6 | 6 | 17 | |
| 1:30, 1:35 അനുപാത പ്രകാരം യഥാർത്ഥത്തിൽ അർഹതയുള്ള ഡിവിഷനുകൾ | 6 | 8 | 7 | 21 | |

(ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച 2018-19-ലെ തസ്തിക നിർണ്ണയ ഉത്തരവ് D.Dis/C/1885/2018 തീയതി 03.07.2018 )

2018-19 അധ്യയനവർഷത്തിൽ സ്കൂളിൽ ആകെ 21 ഡിവിഷനുകൾക്കുള്ള കുട്ടികൾ ഉണ്ടായിരുന്നെങ്കിലും അനുയോജ്യമായ 1 9 ക്ലാസ് മുറികൾ ഉണ്ടായിരുന്നിട്ടും 1 8 ക്ലാസ് ഡിവിഷനുകൾ മാത്രമേ യഥാർത്ഥത്തിൽ പ്രവർത്തിച്ചിരുന്നുള്ളൂ. 2019-20 അധ്യയന വർഷത്തെ തസ്തിക നിർണയ ഉത്തരവ് D.Dis/C/51921/2019 തീയതി 16.07.2018 പ്രകാരമുള്ള വിശദവിവരം താഴെ പട്ടിക 4-ൽ ചേർക്കുന്നു.

പട്ടിക 4 (2019-2020)

| ഡിവിഷനുകൾ | Class V | Class VI | Class VII | Total | Remarks |
|---|---|---|---|---|---|
| Effective Roll Strength | 191 | 248 | 296 | 735 | അനുയോജ്യമായ 19 ക്ലാസ്സ് മുറികൾ ഉണ്ടായിരുന്നു. 18 ഡിവിഷനുകൾ പ്രവർത്തിപ്പിച്ചിരുന്നു. അതിന് ഇപ്പോഴും അനുമതി നൽകിയിട്ടില്ല. |
| 03.07.2019-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എ.ഇ.ഒ. അനുവദിച്ചു നൽകിയത് | 5 | 6 | 6 | 17 | |
| 1:30, 1:35 അനുപാത പ്രകാരം യഥാർത്ഥത്തിൽ അർഹതയുള്ള ഡിവിഷനുകൾ | 7 | 8 | 9 | 24 | |

GO(Rt)No.3287/2021/GEdn തീയതി 6.07.2021 പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2019-20 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ തന്നെ 2020-21, 2021-22 എന്നീ അധ്യയന വർഷങ്ങളിലും തുടരാൻ സർക്കാർ നിർദ്ദേശം നൽകി.

പിന്നീട് 2022-23 അധ്യയന വർഷമാണ് തസ്തികനിർണയം നടന്നത്. 2022-23 അധ്യയന വർഷത്തെ തസ്തികനിർണയ ഉത്തരവിലും ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വെറും 17 ഡിവിഷനുകൾ മാത്രമാണ് അനുവദിച്ച നൽകിയത്. 2022-23-ലെ തസ്തികനിർണയ ഉത്തരവ് ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ No.D.Dis/C/50129/2022 തീയതി 08.08.2022 പ്രകാരം പുറപ്പെടുവിച്ചു. UID Roll Strength അനുവദിച്ച ഡിവിഷനുകൾ, അർഹതപ്പെട്ട ഡിവിഷനുകൾ എന്നിവയുടെ വിശദവിവരം ഉൾപ്പെടുത്തി പട്ടിക 5 താഴെ ചേർക്കുന്നു.

പട്ടിക 5 (2022-2023)

| ഡിവിഷനുകൾ | Class V | Class VI | Class VII | Total | Remarks |
|---|---|---|---|---|---|
| Effective Roll Strength | 224 | 222 | 266 | 712 | അനുയോജ്യമായ 19 ക്ലാസ്സ് മുറികൾ ഉണ്ടായിരുന്നു. 18 ഡിവിഷനുകൾ പ്രവർത്തിപ്പിച്ചിരുന്നു. അതിന് ഇപ്പോഴും അനുമതി നൽകിയിട്ടില്ല. |
| 03.07.2019-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എ.ഇ.ഒ. അനുവദിച്ച നൽകിയത് | 5 | 6 | 6 | 17 | |
| 1:30, 1:35 | 8 | 7 | 8 | 23 | |

| | | | | | |
|---|---|---|---|---|---|
| 1:30, 1:35 അനുപാത പ്രകാരം യഥാർത്ഥത്തിൽ അർഹതയുള്ള ഡിവിഷനുകൾ | 8 | 7 | 8 | 23 | |

നടപ്പ് അധ്യയന വർഷം ആയ 2023-24-ലെ തസ്തിക നിർണയ ഉത്തരവ് No.D.Dis.C/59828/2023 തീയതി 21.08.2023 പ്രകാരം കുട്ടികളുടെ എണ്ണം (UID strength), ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച ക്ലാസ് ഡിവിഷനുകൾ, അർഹതപ്പെട്ട ക്ലാസ് ഡിവിഷനുകൾ എന്നിവയുടെ വിശദവിവരം താഴെ പട്ടിക 6-ൽ കൊടുക്കുന്നു.

പട്ടിക 6 (2023-2024)

| ഡിവിഷനുകൾ | Class V | Class VI | Class VII | Total | Remarks |
|---|---|---|---|---|---|
| Effective Roll Strength | 190 | 271 | 243 | 704 | അനുയോജ്യമായ 19 ക്ലാസ്സ് മുറികൾ ഉണ്ടായിരുന്നു. 18 ഡിവിഷനുകൾ പ്രവർത്തിപ്പിച്ചിരുന്നു. അതിന് ഇപ്പോഴും അനുമതി നൽകിയിട്ടില്ല. |
| 03.07.2019-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എ.ഇ.ഒ. അനുവദിച്ച നൽകിയത് | 5 | 6 | 6 | 17 | |
| 1:30, 1:35 അനുപാത പ്രകാരം യഥാർത്ഥത്തിൽ അർഹതയുള്ള | 7 | 8 | 7 | 22 | |

| | | | | | |
|---|---|---|---|---|---|
| ഡിവിഷനുകൾ | | | | | |

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്. നേരിട്ട് സന്ദർശിച്ച് അവിടെ Exhibit P23-ൽ രേഖപ്പെടുത്തിയിരിക്കുന്നത് പോലെ അധ്യയനയോഗ്യമായ 19 ക്ലാസ് മുറികൾ പ്രവർത്തിക്കാൻ സൌകര്യമുണ്ടോ എന്ന് പരിശോധിക്കാനും നേരിട്ട് റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിൽ സന്ദർശനം നടത്തി പരിശോധിച്ച ശേഷം നേരിട്ട് സമർപ്പിച്ച റിപ്പോർ ട്ടിൽ Exhibit P23 പ്രകാരം അധ്യയന യോഗ്യമായ 1 9 ക്ലാസ് മുറികൾ ഉണ്ടെന്നും അവ കൂടാതെ ഹെഡ്മാസ്റ്റർ റൂം, സ്റ്റാഫ് റൂം, ലൈബ്രറി, ക്രാഫ്റ്റ് അപ്ലൈൻസ് റൂം എന്നിവ 19 ക്ലാസ് മുറികൾക്ക് പുറമെ ആണ് ഉള്ളത് എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. അത് പരിഗണിച്ചാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Exhibit P7 സർക്കാർ ഉത്തരവ് റദ്ദാക്കിയതും പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചതും.

അധികഡിവിഷനുകൾ എന്നോ അധികതസ്തികൾ എന്നോ നിയമനങ്ങൾക്ക് ‘‘ടെമ്പററി’’, ‘‘പെർമെനന്റ്’’ എന്നോ ഉള്ള പരാമർശങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ല എന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സർക്കാർ തന്നെ അധികഡിവിഷൻ, അധികതസ്തിക ‘‘ടെമ്പററി’’, ‘‘പെർമെനന്റ്" എന്നീ പരാമർശങ്ങൾ നീക്കിയതിനുശേഷവും ചില വിദ്യാഭ്യാസ ഓഫീസർമാർ അത് പരിഗണിക്കാതെ പലവിധ തടസ്സവാദങ്ങളും ഉന്നയിച്ച് അധ്യാപകരുടെ നിയമനാംഗീകാരവും അവരുടെ സേവനവേതന വ്യവസ്ഥകളും നിഷേധിക്കുന്നത് അത്യന്തം തെറ്റായ പ്രവണത ആണ്. പൊതുവിദ്യാഭ്യാസ രംഗത്തിന്റെ കെട്ടുറപ്പിനെയും സുഗമമായ പ്രവർത്തനത്തെയും ഇത് പ്രതിലോമകരമായി ബാധിക്കും.

2017-18-ൽ 1 8 ക്ലാസ് ഡിവിഷനുകൾ മാത്രമാണ് പ്രവർത്തിച്ചിരുന്നത്. അന്ന് 18-ാമത്തെ ക്ലാസ് ഡിവിഷനിലാണ് WP(C)19301/2021-ലെ ഹർജി കക്ഷിയായ ശ്രീമതി. സേതുലക്ഷ്മി U., UPST ആയി 01.6.2018-ൽ സർവീസിൽ പ്രവേശിച്ചത്. 2019-2020 അദ്ധ്യയന വർഷത്തിൽ ശ്രീമതി. സേതുലക്ഷ്മി യു. എന്ന UPST-യെ സ്കൂളിൽ ഉണ്ടായ റിട്ടയർമെന്റ് വേക്കൻസിയിലേക്ക് 01.06.2020-ൽ മാറ്റി നിയമിച്ചു. 2017-18-ൽ 18-ാമത്തെ ക്ലാസ് ഡിവിഷൻ നിഷേധിച്ച Exhibit P7 സർക്കാർ

ഉത്തരവ് റദ്ദാക്കപ്പെട്ടതിനാൽ 2017–18-ലെ 18-ാമത്തെ ക്ലാസ് ഡിവിഷനും 17-ാമത്തെ യുപി അദ്ധ്യാപക തസ്തികയും അനുവദനീയമായതുകൊണ്ട് ശ്രീമതി സേതുലക്ഷ്മി യു. എന്ന UPST-യ്ക്ക് 1.6.2018 മുതൽ ഉള്ള അവരുടെ പ്രഥമ നിയമനത്തീയതി (Initial Appointment Date) മുതൽ തന്നെ അംഗീകാരം നൽകേണ്ടത് അനിവാര്യമായിരിക്കുന്നു. പ്രസ്തുത കാര്യം സർക്കാരിന്റെ ഉത്തരവിനായി സമർപ്പിക്കുന്നു.

86-ാം ഭരണഘടന ഭേദഗതി വഴി 2002-ൽ ഇന്ത്യൻ ഭരണഘടനയിൽ അനുച്ഛേദം 21A കൊണ്ടുവന്നത് 6 വയസ്സിനും 14 വയസ്സിനും ഇടയിലുള്ള കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം അവരുടെ അവകാശമായി പ്രഖ്യാപിച്ചുകൊണ്ടാണ്. 2009-ലെ RTE ACT (Right of Children To Free and Compulsory Educaion) പ്രകാരം അഞ്ചാംക്ലാസിൽ 30 കുട്ടികളും ആറ് മുതൽ 8 വരെ ക്ലാസ്സുകളിൽ 35 കുട്ടികളും മാത്രമാണ് ഒരു ക്ലാസ് ഡിവിഷനിൽ അധ്യയനത്തിന് ഇരുത്തേണ്ടത്. ഇത് പൂർണ്ണമായി പാലിക്കാൻ കഴിയാതെ ധാരാളം strength ഉള്ള പല സ്കൂളുകളും ക്ലാസുകൾ നടത്താൻ പ്രേരിതമാകും. എന്നാൽ ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ പോലുള്ള ചില ഉദ്യോഗസ്ഥർ പരമാവധി ലഭ്യമായിട്ടുള്ള അധ്യയനയോഗ്യമായ ക്ലാസ് മുറികളിൽ കുട്ടികളെ ഇരുത്തുന്നതിന് ഉതകുമാറ് ഡിവിഷനുകൾ അനുവദിക്കുന്നതിന് വൈമുഖ്യം കാണിക്കുന്നത് ഭരണഘടനാ ലംഘനമായി മാത്രമേ കാണാൻ കഴിയൂ. കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 9(4) [Kerala Education Act 1958 Section 9 (4)] പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ക്ലാസ് മുറികൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കാൻ സ്കൂൾ മാനേജർക്ക് ആവശ്യമായ തുക (Grants-in-Aid) അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകളെല്ലാം മേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയാണ്.

മേൽസാഹചര്യത്തിൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 8.11.2023-ന് Exhibit P 7 സർക്കാർ ഉത്തരവ് റദ്ദാക്കിയ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2017-18 അദ്ധ്യയനവർഷം മുതൽ പതിനെട്ടാമത്തെ ക്ലാസ് ഡിവിഷനും പതിനേഴാമത്തെ UPST തസ്തികയും പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്.ൽ അനുവദിച്ചുകൊണ്ടും അന്ന് 17-ാമത്തെ തസ്തികയിൽ നിലനിന്നിരുന്ന സേതുലക്ഷ്മി യു. എന്ന UPST അദ്ധ്യാപികയുടെ നിയമനം 01.06.2018 മുതൽ അനുവദിച്ചുകൊണ്ടും

ഉത്തരവ് ഉണ്ടാകണമെന്ന് സർക്കാരിനോട് സവിനയം അഭ്യർത്ഥിക്കുന്നു.

**4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:**

ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതും പുതുതായി ആരംഭിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ളതുമായ പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി സ്കൂളിലെ 2015-16 വർഷത്തെ തസ്തികനിർണയ ഉത്തരവിൽ 16 ക്ലാസ്സ് ഡിവിഷനുകളും 16 യു.പി.എസ്.ടി തസ്തികകളും അനുവദിച്ച നൽകിയിരുന്നു. ഇതിനെതിരെ സ്കൂൾ മാനേജർ സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ബഹു. ഗവ.ഡെപ്യൂട്ടി സെക്രട്ടറി 04/01/2018-ൽ മാനേജറെ നേരിൽ കേൾക്കുകയും തുടർന്ന് വിദ്യാലയത്തിൽ എത്തി ഭൗതിക പരിശോധന നടത്തുകയും ചെയ്തിരുന്നു.

പ്രസ്തുത പരിശോധനയിൽ ഈ വിദ്യാലയത്തിൽ 18 ക്ലാസ്സ് മുറികൾ ഉള്ളതിൽ ഒരു ക്രാഫ്റ്റ് റൂം, ഒരു അടുക്കള എന്നിവ കൂടാതെ, ഇരുനില കെട്ടിടത്തിൽ ആവശ്യത്തിലധികം സ്ഥലമുള്ള പ്രഥമാധ്യാപകന്റെ മുറി, യു.പി സ്കൂളിനുള്ള ലൈബ്രറി, സ്റ്റാഫ് റൂം എന്നിവ എല്ലാവിധ സൗകര്യത്തോടും കൂടിയതും കെ.ഇ.ആർ. അനുശാസിക്കുംവിധം ഉള്ളതിനേക്കാളേറെ സ്ഥലം ഉള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടതായി ജി.ഒ.(ആർ.റ്റി) 741/2018/പൊ.വി.വ തീയതി 19/02/2018-ൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ടി സ്കൂളിൽ മതിയായ സ്ഥലമുള്ള സൗകര്യപ്രദമായ 18 ക്ലാസ്സ് മുറികൾ ഉള്ളതിനാൽ പതിനേഴാമത്തെ ഡിവിഷൻ അനുവദിക്കണമെന്ന മാനേജരുടെ ആവശ്യം പരിഗണിച്ചുകൊണ്ട് 2015-16 വർഷത്തെ തസ്തിക നിർണയം നടത്തി 17 ഡിവിഷനുകളും ആനുപാതികമായി യു.പി.എസ്.ടി നിയമനം നടത്തുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

ടി സ്കൂളിൽ 2015-16 അധ്യയന വർഷം മുതൽ 18-ാമത്തെ ക്ലാസ്സ് ഡിവിഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുക്കൊണ്ട് ഫയൽ ചെയ്ത ഡബ്ല്യു.പി.സി.12235/20-ൽ ഗവൺമെന്റ് കൂടിക്കാഴ്ച നടത്തുകയും ഉത്തരവ് നമ്പർ 2879/2021 പൊ.വി.വ തീയതി 31/05/2021 പ്രകാരം മാനേജർ ആവശ്യപ്പെട്ട 18-ാമത്തെ ഡിവിഷനും അനുബന്ധ യു.പി.എസ്.ടി തസ്തികയും 2016-2017, 2017-18, 2018-19, 2019-2020

വർഷങ്ങളിൽ നിരസിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്.

2016-17 അധ്യയന വർഷം ലഭിക്കുമെന്ന് കരുതിയാണ് മാനേജർ അനുവദിക്കപ്പെട്ടിട്ടില്ലാത്ത തസ്തികയിൽ 01/06/2018 മുതൽ ശ്രീമതി സേതുലക്ഷ്മിയെ യു.പി.എസ്.ടി തസ്തികയിൽ നിയമിച്ചത്. വ്യവസ്ഥാപിത ഒഴിവിലല്ല ടിയാരിയുടെ നിയമനം നടത്തിയിരുന്നത് എന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചു നൽകിയിരുന്നു.

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 20/09/2021-ലെ എഫ്4/28873/2021/ഡി.ജി.ഇ/കെ.ഡിസ് ഉത്തരവ് പ്രകാരം ടി സ്കൂളിൽ 2016-17, 2017-18, 2018-19, 2019-20 അധ്യയന വർഷങ്ങളിൽ 18-ാമത്തെ അധികതസ്തിക അനുവദിക്കാത്ത സാഹചര്യത്തിൽ, ശ്രീമതി സേതുലക്ഷ്മിയുടെ 01/06/2018 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി ടി സ്കൂളിൽ തസ്തിക ലഭ്യമല്ലാത്തതിനാൽ 01/06/2018 മുതലുള്ള ടിയാരിയുടെ നിയമനം അംഗീകരിക്കണമെന്ന അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായിരുന്നു.

31/05/2020-ൽ ടി സ്കൂളിൽ ശ്രീമതി സി.ലക്ഷ്മി അമ്മ യു.പി.എസ്.ടി തസ്തികയിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ 15/07/2021 മുതൽ മാനേജർ ശ്രീമതി സേതുലക്ഷ്മിയെ യു.പി.എസ്.ടി തസ്തികയിൽ നിയമിക്കുകയും നിയമനപ്രൊപ്പോസൽ സമന്വയ പോർട്ടൽ വഴി ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയത്തിൽ നൽകുകയും ചെയ്തിരുന്നു. ഉത്തരവ് (സാധാ) 3287/2021 പൊ.വി.വ തീയതി 06/07/2021 പ്രകാരം 2019-2020 വർഷത്തെ തസ്തിക നിർണയം 2020-21, 2021-22 അധ്യയന വർഷവും തുടരുന്നതാണെന്നും വിരമിക്കൽ, രാജി, പ്രൊമോഷൻ എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകളിൽ 15/07/2021 മുതൽ അധ്യാപകരുടെ നിയമനം നടത്താമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സേതുലക്ഷ്മിയുടെ നിയമനം 15/07/2021 മുതൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും സി/14853/2021 തീയതി 03/08/21 ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകുകയും ചെയ്തു.

2016-17 മുതൽ 18 ക്ലാസ്സ് ഡിവിഷൻ അനുവദിച്ച് തസ്തിക നിർണയ ഉത്തരവ് പരിഷ്കരിക്കാനും 01/06/2018 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിച്ച് ഉത്തരവാകുന്നതിന് ശ്രീമതി സേതുലക്ഷ്മി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.19301/2021-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 08/11/2023 തീയതിയിലെ വിധിന്യായം പ്രകാരം ടി കേസിലെ 4-ാം കക്ഷിയായ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ സ്കൂൾ സന്ദർശിച്ച് റിപ്പോർട്ട് നൽകുവാൻ ഉത്തരവായിരുന്നു.

ബഹു.കേരളാ ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17/08/2023 തീയതിയിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിക്കുകയും 2023-24 വർഷത്തെ ഫിറ്റ്നസ് പ്രകാരമുള്ള 19 ക്ലാസ്സ് മുറികൾ സ്കൂളിൽ ഉള്ളതായും ഓഫീസ്, സ്റ്റാഫ് റൂം, ലൈബ്രറി എന്നിവ ഈ 19 ക്ലാസ്സ് മുറികളിൽ പ്രവർത്തിക്കുന്നില്ല എന്നും പരിശോധിച്ച് ബോധ്യപ്പെട്ടതായും അറിയിച്ചിരുന്നു.

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 20/09/2021-ലെ എഫ്4/28873/2021/ഡി.ജി.ഇ/കെ.ഡിസ് ഉത്തരവ് പ്രകാരം ടി സ്കൂളിൽ 2016-17, 2017-18, 2018-19, 2019-20 അധ്യയന വർഷങ്ങളിൽ 18-ാമത്തെ അധികതസ്തിക അനുവദിക്കാത്ത സാഹചര്യത്തിൽ 01/06/2018 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന ശ്രീമതി സേതുലക്ഷ്മിയുടെ അപേക്ഷ പരിഗണിക്കാവുന്നതല്ല എന്ന് അറിയിച്ചുകൊള്ളുന്നു.

**5.** സർക്കാർ ഇക്കാര്യം, ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും കോടതി വിധികളുടെയും പശ്ചാത്തലത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ യു.പി.എസ്.ടി. നിയമനത്തിന് 01.06.2018 പ്രാബല്യത്തിൽ അംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പതാരം എൻ.എസ്.എൻ.എസ്.പി. മെമ്മോറിയൽ യു.പി.എസ്.ലെ 2015-16 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ 16 ക്ലാസ്സ് ഡിവിഷനുകളും 16 യു.പി.എസ്.റ്റി. തസ്തികകളും അനുവദിച്ചിരുന്നു.(EXT P1)

2. പിന്നീട് G.O.(Rt)No.741/2018/GEDN dated 19.02.2018 പ്രകാരം 2015-16-ലെ തസ്തിക നിർണ്ണയ ഉത്തരവ് പരിഷ്കരിച്ച്, 17-ാമത്തെ ഒരു ക്ലാസ്സ് ഡിവിഷൻ കൂടി അനുവദിക്കുകയും ചെയ്തു.(EXT P3)

3. 2015-16 അദ്ധ്യയന വർഷം 18-ാമത്തെ ക്ലാസ്സ് ഡിവിഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഫയൽ ചെയ്തിരുന്ന WP(C) No. 12235/2020-ന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 31.05.2021-ൽ പുറപ്പെടുവിച്ച G.O.(Rt)No.2879/2021 പ്രകാരം മാനേജർ ആവശ്യപ്പെട്ട 18-ാമത്തെ ക്ലാസ്സ് ഡിവിഷനും അനുബന്ധ യു.പി.എസ്.ടി. തസ്തികയും 2016-17, 2017-18 വർഷങ്ങളിലും, തുടർന്ന് 2018-19, 2019-20 വർഷങ്ങളിലും നിരസിച്ചിരുന്നു.

4. 2016-17 അധ്യയന വർഷം അധിക ഡിവിഷനും അധിക തസ്തികയും ലഭിക്കുമെന്ന് കരുതിയാണ് ശ്രീമതി.യു.സേതുലക്ഷ്മിയെ മാനേജർ 01.06.2018 മുതൽ നിയമിച്ചത്. എന്നാൽ, വ്യവസ്ഥാപിത ഒഴിവില്ലെന്ന കാരണത്താൽ ടി നിയമനം നിരസിക്കപ്പെട്ടു.

5. തുടർന്ന്, യു.പി.എസ്.ടി. ആയിരുന്ന ശ്രീമതി.സി.ലക്ഷ്മിയമ്മ 31.05.2020-ൽ വിരമിച്ച ഒഴിവിൽ മാനേജർ ടിയാരി 15.07.2021 മുതൽ വീണ്ടും നിയമിച്ചു. ടി നിയമനം അംഗീകരിച്ചിട്ടുണ്ട്.

6. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 17.08.2023-ൽ സ്കൂൾ സന്ദർശിക്കുകയും 2023-24 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള 19 ക്ലാസ്സ് മുറികൾ സ്കൂളിൽ ഉള്ളതായും, ഓഫീസ്, സ്റ്റാഫ് റൂം, ലൈബ്രറി എന്നിവ ഈ 19 ക്ലാസ്സ് റൂമുകളിൽ പ്രവർത്തിക്കുന്നില്ല എന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതായും ജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. 2016-17, 2017-18, 2018-19, 2019-20 അധ്യയന വർഷങ്ങളിൽ 18-ാമത്തെ അധികതസ്തിക അനുവദിക്കാത്ത സാഹചര്യത്തിൽ 01.06.2018 മുതലുള്ള ഹർജിക്കാരിയുടെ യു.പി.എസ്.ടി. നിയമനം പരിഗണനാർഹമല്ല എന്ന് വിദ്യാഭ്യാസ ഓഫീസർമാർ അറിയിക്കുന്നു.

8 . ടി റിട്ട് പെറ്റീഷന്റെ വിധിന്യായത്തിൽ ബഹു. കോടതി EXT P7 (G.O.

(Rt)No.2879/2021/GEDN dated 31.05.2021 set aside ചെയ്തിട്ടുണ്ട്. ടി വിദ്യാലയത്തിലെ ഭൗതികസാഹചര്യങ്ങൾ പരിശോധിച്ചതിൽ, അവിടെ 18 ക്ലാസ്സ് മുറികൾ ഉണ്ടെങ്കിലും അതിൽ ഒരു ക്രാഫ്റ്റ് റൂം, അടുക്കള എന്നിവ ഉൾപ്പെടുന്നതായി കണ്ടെത്തിയതിനാൽ 18-ാമത്തെ ഡിവിഷനും അനുബന്ധ യു.പി.എസ്.ടി. തസ്തികയും അനുവദിക്കണമെന്ന ആവശ്യം ടി ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

9. EXT P6 (Judgment dated 22.06.2020 in WP(C)No. 12235/2020 filed by the Manager, NSNSPM UPS, Patharam, Kollam) പ്രകാരം ബഹു. കോടതി നിലവിലെ നിയമങ്ങൾക്കു വിധേയമായി ഹർജി സംഗതി പരിഗണിക്കുവാൻ ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിരുന്നു.

10. EXT P7 (G.O.(Rt)No.2879/2021/GEDN dated 31.05.2021)-ൽ, മാനേജർ KER അധ്യായം XXI ചട്ടം 7(2) പാലിച്ചിട്ടില്ല എന്നത് തെറ്റായ രേഖപ്പെടുത്തലാണ് എന്ന് ബോധ്യപ്പെടുത്തുന്നതിനുള്ള രേഖകൾ സർക്കാരിൽ ഹാജരാക്കുന്നതിന് ബഹു. കോടതി ഹർജിക്കാരിയോട് നിർദ്ദേശിച്ചിരുന്നു. ടി സ്കൂളിൽ HT വേക്കൻസിക്ക് പകരമായി അനുവദിച്ച യു.പി.എസ്.ടി. തസ്തികയിലും (KER Chapter XXI ചട്ടം 7(2)) ഒരു അധിക തസ്തികയിലും [KER Chapter XXI ചട്ടം 7(2)], 22 May 1979-ന് ശേഷം ആരംഭിച്ച സ്കൂൾ (New School) എന്ന നിലയിൽ മറ്റൊരു തസ്തികയിലും [KER Chapter XXI ചട്ടം 7(3)] സംരക്ഷിത അധ്യാപകരെ വിന്യസിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ 1.07.2020-ൽ പുറപ്പെടുവിച്ച ഉത്തരവ് ഹാജരാക്കിയിട്ടുണ്ട്. 18-ാമത്തെ class ഡിവിഷനും 17-ാമത്തെ UPST തസ്തികയും 2017-18-ൽ അനുവദിക്കാതിരുന്നതു കൊണ്ട് ഒരു സംരക്ഷിത UPST-യെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ തിരികെ വിളിച്ചുകൊണ്ട് 29.01.2021-ൽ ഉത്തരവായി.

11. ടി സ്കൂളിൽ നിലവിൽ 5 മുതൽ 7 വരെ 23 ഡിവിഷനുകൾക്കുള്ള 682 കുട്ടികൾ പഠിക്കുന്നുണ്ടെന്നും; 2017-18-ൽ 18 ക്ലാസ്സ് ഡിവിഷനുകൾ മാത്രമാണ് പ്രവർത്തിച്ചിരുന്നതെന്നും; 18-ാമത്തെ ക്ലാസ്സ് ഡിവിഷനിലാണ് ഹർജിക്കാരിയെ 01.06.2018 മുതൽ നിയമിച്ചതെന്നും ; പിന്നീട് 2018-19 വർഷത്തിൽ ഉണ്ടായ റിട്ടയർമെന്റ് ഒഴിവിലേയ്ക്ക് 01.06.2019 മുതൽ ടിയാരിയെ മാറ്റി നിയമിച്ചുവെന്നും; 2017-18-ൽ 18-ാമത്തെ ക്ലാസ് ഡിവിഷൻ നിരസിച്ചുകൊണ്ട് പുറപ്പെടുവിച്ച EXT P7 ഉത്തരവ് റദ്ദാക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 2017-18-ലെ 18-ാമത്തെ ക്ലാസ്സ് ഡിവിഷനും 17-ാമത്തെ UPST തസ്തികയും അനുവദിച്ച് ശ്രീമതി സേതുലക്ഷ്മിക്ക്

01.06.2018 മുതൽ UPST ആയി അംഗീകാരം നൽകണമെന്നും മാനേജർ അറിയിക്കുന്നു.

**6.** ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സന്ദർശനം നടത്തിയ ശേഷം സമർപ്പിച്ച റിപ്പോർട്ടിൽ, ടി സ്കൂളിൽ 19 ക്ലാസ്സ് മുറികൾ ഉണ്ടെന്നും, ഓഫീസ്, ലൈബ്രറി, സ്റ്റാഫ് റൂം എന്നിവ ഈ മുറികളിൽ പ്രവർത്തിക്കുന്നില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, 2017-18-ൽ 18-ാമത്തെ ഡിവിഷൻ അനുവദിക്കുന്നത് നിരസിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ബഹു. കോടതി റദ്ദ് ചെയ്തിരിക്കുകയുമാണ്.

**7.** ശ്രീമതി.യു.സേതുലക്ഷ്മിയുടെ നിയമനം 01.06.2018 മുതൽ ആണ്. 18-ാമത്തെ ക്ലാസ്സ് ഡിവിഷൻ നിരസിച്ചുകൊണ്ട് പുറപ്പെടുവിച്ച G.O.(Rt)No.2879/2021 റദ്ദ് ചെയ്യപ്പെട്ടതിനാലും ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സന്ദർശനം നടത്തിയ ശേഷം സമർപ്പിച്ച റിപ്പോർട്ടിൽ, ടി സ്കൂളിൽ 19 ക്ലാസ്സ് മുറികൾ ഉണ്ടെന്നും ഓഫീസ്, ലൈബ്രറി, സ്റ്റാഫ് റൂം എന്നിവ ടി മുറികളിൽ പ്രവർത്തിക്കുന്നില്ലെന്നും രേഖപ്പെടുത്തിയിട്ടുള്ളതിനാലും, 2018-19 വർഷം മുതൽ മാത്രം തസ്തികനിർണ്ണയം പുതുക്കുന്നതിനും അധികഡിവിഷൻ അനുവദിക്കുന്നതിനും; തസ്തിക ലഭ്യമെങ്കിൽ 01.06.2018 മുതൽ ശ്രീമതി.യു.സേതുലക്ഷ്മിയുടെ നിയമനം നിലവിലെ കെ.ഇ.ആർ ചട്ടങ്ങൾ അല്ലെങ്കിൽ ജി.ഒ.(പി)4/21 തുടങ്ങിയ ഉത്തരവുകൾ പ്രകാരം അംഗീകരിക്കാവുന്നതാണെന്ന നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയും, അപ്രകാരം ശ്രീമതി.യു.സേതുലക്ഷ്മി ഫയൽ ചെയ്ത WP(C)No.15843/2021-ന്മേലും സ്കൂൾ മാനേജർ ശ്രീ. ജി.നന്ദകുമാർ ഫയൽ ചെയ്ത WP(C)No.19301/2021-ന്മേലും ബഹു.ഹൈക്കോടതി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, തേവള്ളി, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

ശ്രീമതി. സേതുലക്ഷ്മി യു, യു.പി.എസ്.ടി., പതാരം എൻ.എസ്.എൻ.എസ്.പി. മെമ്മോറിയൽ യു.പി.എസ്, കൊല്ലം

ശ്രീ. ജി.നന്ദകുമാർ, മാനേജർ, പതാരം എൻ.എസ്.എൻ.എസ്.പി. മെമ്മോറിയൽ യു.പി.എസ്, കൊല്ലം

പൊതുവിദ്യാഭ്യാസ (ജെ-എ) വകുപ്പ് (No.JA1/133/2024-GEDN Dated.05/06/2024 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ / ബി1/241/2023/പൊവിവ

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 29-06-2024 10:56:32

സെക്ഷൻ ഓഫീസർ